# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 219. 12/02/2019-ൽ മറുപടിയ്ക്ക്

**<u>പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. കെ. ശശീന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ. ബാബു<br>,, ഐ.ബി. സതീഷ് :** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികഗോത്ര വർഗ്ഗക്കാരെ വികസനത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | അവലോകനം ചെയ്തിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ ഈ വിഭാഗത്തെ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ചും, പുരോഗതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. ഗോത്ര ബന്ധു**<br>അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കളെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പ്രൈമറി ക്ലാസുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞ് പോക്ക് തടയാനും സാധിച്ചു.<br>**2. സാമൂഹ്യ പഠനമുറി പദ്ധതി**<br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച സാമൂഹ്യ പഠനമുറികൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്.<br>3. **സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശോധന പദ്ധതി**<br>അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്ക്കൂൾ, നവോദയ സ്കൂൾ പ്രവേശനപരീക്ഷയ്ക്ക് പരിശീലനം നൽകുന്നു. പരിശീലനം ലഭിച്ചതിൽ 18 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **4. <u>ലാപ്ടോപ്പ് വിതരണ പദ്ധതി</u>**<br><br>പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള 32 കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവര സാങ്കേതിക വിദ്യാമേഖലയിൽ പുരോഗതി നേടുന്നതിന് സഹായകമായിട്ടുണ്ട്.<br><br>**5. <u>സമഗ്ര -സാക്ഷരതാ പദ്ധതി</u>**<br><br>പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത ഇല്ലാതാക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി പ്രയോജനപ്പെടുന്നു.<br><br>**6. <u>എൻട്രൻസ് പരീക്ഷാ പരിശീലനം</u>**<br><br>2017-18 വർഷം എൻട്രൻസ് പരീക്ഷാപരിശീലനത്തിലൂടെ 103 പേർക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.<br><br>**7. <u>റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്</u>**<br><br>വയനാട്, കണ്ണൂർ ജില്ലകളിൽ എസ്.എസ്.എൽ,സി, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2017-18 വർഷം വാർഷിക പരീക്ഷയ്ക്ക് മുമ്പായി റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ് നടത്തിയതിൽ 1125 വിദ്യാർത്ഥികൾ പരീക്ഷാ വിജയം നേടിയിട്ടുണ്ട്.<br><br>**8. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>**<br><br>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി 16144 കുട്ടികളാണ് ഉള്ളത്. വരുമാന പരിധി ഇല്ലാതെ സർക്കാർ ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, മുഴുവൻ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകി വരുന്നു. 2017-18 വർഷം പോസ്റ്റ്മെട്രിക് തലത്തിൽ +2 പരീക്ഷ എഴുതിയ 5356 പേരിൽ 3402 പേർ ഉപരിപഠനത്തിന് അർഹരായി.<br><br>**9. <u>പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി</u>**<br><br>നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ നൽകുന്നു. നിലവിൽ 77215 കുട്ടികൾക്കാണ് ആനുകൂല്യം നല്കി വരുന്നത്. 2017-18 വർഷം 7336 പേർ എസ്.എസ്.എൽ.സി പരീക്ഷ എഴുതുയതിൽ 6415 പേർ ഉപരിപഠനത്തിന് അർഹത നേടി. |

10. <u>ഗോത്ര സാരഥി പദ്ധതി</u>

ദുർഘടവും വിദൂരവുമായ കോളനികളിൽ നിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്ന ഗോത്ര സാരഥി പദ്ധതി മുഖേന കൂടുതൽ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാധിച്ചിട്ടുണ്ട്.

11. <u>മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സഹന ഗ്രാന്റ്</u>

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ് നൽകുന്നു. ഈ പദ്ധതിയും, കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്.

12. <u>എം.ആർ.എസ്. ഹോസ്റ്റൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി</u>

2017-18 അധ്യയനവർഷം എം.ആർ.എസുകളിൽ എസ്.എസ്.എൽ.സിക്ക് 99.82% വിജയവും +2 ന് 89% വിജയവും ലഭിക്കുകയുണ്ടായി.

13. <u>വിദേശ പഠനത്തിനുള്ള ധനസഹായ പദ്ധതി</u>

സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന ടി പദ്ധതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് പ്രചോദനമാകുന്നു. 2016-17 മുതൽ 3 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

14. <u>നൈപുണ്യ വികസന പദ്ധതി പുരോഗതി</u>

എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ), സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി (CBPST), ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL), എത്തിയോസ് (Etheos) മുതലായ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ സാങ്കേതിക ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾക്ക് അതിൽ യഥാക്രമം 192, 50, 21, 125 പട്ടികവർഗ്ഗ കുട്ടികൾക്ക് പരിശീലനം നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക ബാധ്യതകൊണ്ടും വിവിധ കോഴ്സുകൾ തിരഞ്ഞെടുക്കേണ്ടത് സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതിനാലും പട്ടികഗോത്ര വർഗ്ഗ വിദ്യാർത്ഥികളിൽ ഗണ്യമായ വിഭാഗം ഉന്നത വിദ്യാഭ്യാസത്തിന് താല്പര്യം കാണിക്കാത്ത പ്രശ്നം പരിഹരിക്കാൻ പരിപാടിയുണ്ടോ; | (ബി) | പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി, മെഡിക്കൽ എഞ്ചിനീയറിങ് പ്രവേശനത്തിനുള്ള പരിശീലന പരിപാടിയും പ്രസ്തുത കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവുകൾക്കായി സാമ്പത്തികാനുകൂല്യം എന്നിവ അനുവദിച്ചു വരുന്നു. കൂടാതെ വിവിധ കോഴ്സുകളെപ്പറ്റി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലും, പ്രോജക്ട് ഓഫീസുകളിലും പ്രവർത്തിക്കുന്ന സഹായി സെന്ററുകൾ മുഖേന ആവശ്യമായ വിവരങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. വിവിധ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, പ്രസ്തുത കേന്ദ്രങ്ങളിലൂടെ സഹായമൊരുക്കുന്നു.<br><br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും പഠിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ മേഖലകളിൽ തുടർ പഠനം നടത്തുന്നതിനാവശ്യമായ കരിയർ ഗൈഡൻസ് കൗൺസലിംഗും നൽകി വരുന്നു. |
| (സി) | വിദ്യാഭ്യാസം നേടിയ പലർക്കും അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ജോലി ലഭിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനും ആധുനിക സ്വയം തൊഴിൽ സംരംഭങ്ങൾ നടപ്പാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ - യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പു മുഖേനയും, മറ്റ് സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായി ചേർന്നും, തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>ഇതു പ്രകാരം ഗോത്രബന്ധു പദ്ധതിയിൽ മെന്റർ ടീച്ചർ, സാമൂഹ്യപഠനമുറി പദ്ധതിയിൽ ട്യൂട്ടർ, എസ്.ടി. പ്രൊമോട്ടർ, മാനേജ്മെന്റ് ട്രെയിനി, കമ്മിറ്റഡ് സോഷ്യൽ വർക്കർ, സാക്ഷരതാ പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ, കുടുംബശ്രീ അനിമേറ്റർ എന്നീ തസ്തികകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കളെ നിയമിച്ചിട്ടുണ്ട്.<br><br>ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീ യുവാക്കളെയും വിവിധ തൊഴിൽ ദായക പ്രൈവറ്റ് സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു.<br><br>കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ളതും കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായും, സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാദ്ധ്യതകൾ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ലഭ്യമാക്കുന്നതിന് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്.<br><br>പട്ടികവർഗ്ഗ വനിതകൾക്ക് അധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിന് പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് ആദ്യ ഘട്ടമെന്ന നിലയിൽ അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകളിൽ പരിശീനലനം നൽകുന്നതിനായി തിരുവനന്തപുരം ആസ്ഥാനമാക്കി സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡസ്ക്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് എന്നീ മേഖലകളിൽ 282 പേർക്ക് പ്രതിവർഷം പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ